<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2182**</u> <u>**30-07-2021 - ൽ മറുപടിയ്ക്ക്**</u>

<u>**മലമ്പുഴ മണ്ഡലത്തിലെ വന്യജീവി ആക്രമണങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ; | (എ) | മലമ്പുഴ നിയോജക വിവിധ പ്രദേശങ്ങളിലുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. വന്യമൃഗശല്യമുള്ള വനവുമായി അതിരു പങ്കിടുന്ന സ്ഥലങ്ങളിൽ 106.67 കി.മീ. സൗരോർജ്ജ വേലിയും, 4 കി.മീ. ആനപ്രതിരോധ കിടങ്ങുകൾ, 6 കി.മീ. തൂക്കു സൗരോർജ്ജ വേലിയും പണികഴിപ്പിച്ചിട്ടുണ്ട്. 270 മീറ്റർ ആന പ്രതിരോധ മതിൽ നിർമ്മണം പുരോഗമിച്ച് വരുന്നു. 2021-22 സാമ്പത്തിക വർഷം ആനക്കൽ ഭാഗത്ത് 7.50 കി.മീ. സൗരോർജ്ജ വേലി നിർമ്മണത്തിനായി 15 ലക്ഷം രൂപയും, വാളയാർ, ഒലവക്കോട് റെയിഞ്ചുകളിലെ 24 കി.മീ. സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണിക്കായി 24 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ജനവാസമേഖലയിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ തിരിച്ച് കാട്ടിലേക്ക് തുരത്തുന്നതിനായി ഒലവക്കോട്, മുണ്ടൂര്, കൊട്ടേക്കാട് എന്നിവിടങ്ങളിൽ ദ്രുതകർമ്മ സേനയുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. ജനവാസമേഖലയിലിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേക്ക് കയറ്റി വിടുന്നതിനായി 2 കുങ്കി ആനകളുടെ സ്ക്വാഡും പ്രവർത്തിച്ച് വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനായി എസ്.എം.എസ് മുഖാന്തിരമുള്ള ഏർളി വാർണിംഗ് സംവിധാനം വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രശ്ന ബാധിത മേഖലകളിൽ ഫീൽഡ് സ്റ്റാഫിന്റെയും വാച്ചർമാരുടെയും സേവനം ഉപയോഗിച്ച് പകലും രാത്രിയുമായി പെട്രോളിംഗ് നടത്തിവരുന്നുണ്ട്. ജനങ്ങൾക്കും, ജീവനക്കാർക്കും കാട്ടാനകളുടെ നീക്കങ്ങൾ അറിയുന്നതിനും മറ്റുമായി ജീവനക്കാരും, വാച്ചർമാരും വനാതിർത്തിയിൽ താമസിക്കുന്നവരും, പ്രാദേശിക ജനപ്രതിനിധികളും, കൃഷിക്കാരും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന വാട്ട്സാപ്പ് കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിക്കുന്നവർക്ക് 08-01-2015ലെ സർക്കാർ ഉത്തരവ് (കൈ) 2/2015/വനത്തിൽ പറയുന്ന നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവയുണ്ടാ വുന്നവർക്ക് 05-04-2018ലെ സർക്കാർ ഉത്തരവ് (കൈ) 17/2018/വനത്തിൽ പറയും പ്രകാരവും നഷ്ടപരിഹാരം നല്കിവരുന്നുണ്ട്. |
| (ബി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെയും കൃഷിയിടങ്ങളെയും സംരക്ഷിക്കുന്നതിന് ശാശ്വത സംവിധാനം എന്ന നിലയിൽ റെയിൽ ഫെൻസിംങ് സംവിധാനം ഒരുക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | റെയിൽ ഫെൻസിംഗ് സംവിധാനം വളരെ ചിലവേറിയതാണ്. ഇതുകൊണ്ട് വന്യമൃഗശല്ല്യത്തിന് ശാശ്വത പരിഹാരം ഉണ്ടാവുകയില്ല. നിലവിൽ മലമ്പുഴ മണ്ഡലത്തിൽ റെയിൽ ഫെൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ